# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.123/2024 തിരുവനന്തപുരം, തീയതി: 03/06/2024

## പത്രക്കുറിപ്പ്

## പരീക്ഷാഫീസ്

കേരളസർവകലാശാല 2024 ജൂണിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എഡ്. (2022 സ്കീം – റെഗുലർ, 2018 സ്കീം – സപ്ലിമെന്ററി – 2019 - 2021 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ 2024 ജൂൺ 04 വരെയും 150 രൂപ പിഴയോടെ ജൂൺ 07 വരെയും 400 രൂപ പിഴയോടെ ജൂൺ 11 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്റ്റഡി മെറ്റീരിയൽസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം രണ്ടാം സെമസ്റ്റർ യു.ജി. പ്രോഗ്രാമുകളുടെ (2023 അഡ്മിഷൻ, ബി.എ., ബി.എസ്സി.) സ്റ്റഡി മെറ്റീരിയൽസ് 2024 ജൂൺ 5, 6 തീയതികളിൽ കാര്യവട്ടം ക്യാമ്പസിലെ വിദൂരവിദ്യാഭ്യാസവിഭാഗം ഓഫീസിൽ നിന്നും നേരിട്ട് കൈപ്പറ്റാവുന്നതാണ്. വിശദവിരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ ബി.ടെക്. നാലാം സെമസ്റ്റർ കോഴ്സ് കോഡിൽ വരുന്ന ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് കോഴ്സ് – രണ്ട്, നാല് സെമസ്റ്ററുകളുടെ (2013 സ്കീം) പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2023 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.ടെക്. (2020 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 ജൂൺ 04 മുതൽ 06 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII (ഏഴ്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം കാര്യവട്ടം ക്യാമ്പസ്സിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് 2024 ജൂൺ 15 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ് ടു/പ്രീ ഡിഗ്രി ജയിച്ചിരിക്കണം, കോഴ്സ് കാലാവധി : ആറ് മാസം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ് : Rs. 9000/-,

ഉയർന്ന പ്രായപരിധി ഇല്ല. www.keralauniversity.ac.in നിന്നും (Departments - Centre for Adult Continuing Education and Extension page) അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് SBI A/c. No. 57002299878 ൽ Rs. 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം P.M.G. ജംഗ്ഷനിലുള്ള Students Centre Campus ലെ Center for Adult Continuing Education & Extension (CACEE) ഓഫീസിൽ എത്തിക്കേണ്ടതാണ്.

## പി.ജി.സർട്ടിഫിക്കറ്റ് ഇൻ ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. സർട്ടിഫിക്കറ്റ് ഇൻ ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് 2024 ജൂൺ 20 വരെ അപേക്ഷിക്കാം. യോഗ്യത : കേരളസർവകലാശാല അംഗീകരിച്ച ബിരുദം, കോഴ്സ് കാലാവധി : ആറ് മാസം, ക്ലാസുകൾ : ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ് : Rs. 10000/-, ഉയർന്ന പ്രായപരിധി ഇല്ല. www.keralauniversity.ac.in നിന്നും (Departments - Centre for Adult Continuing Education and Extension page) അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് SBI A/c. No. 57002299878 ൽ Rs. 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം P.M.G. ജംഗ്ഷനിലുള്ള Students Centre Campus ലെ Center for Adult Continuing Education & Extension (CACEE) ഓഫീസിൽ എത്തിക്കേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**